പതിനാറാം കേരളനിയമസഭ

രണ്ടാം സമ്മേളനം

**നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ: 32** **13-10-2026-ൽ മറുപടിയ്ക്ക്**

**ചെറുകിട യൂണിറ്റുകളുടെ അടച്ചുപൂട്ടൽ**

**ചോദ്യം ഉന്നയിച്ച അംഗങ്ങൾ**

ശ്രീ. ജി. സ്റ്റീഫൻ

ശ്രീ. പി. എ. മുഹമ്മദ് റിയാസ്

ശ്രീ. പി. പി. സുമോദ്

ശ്രീമതി ഒ. എസ്. അംബിക

**മറുപടി നൽകിയ മന്ത്രി**

ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി
(വ്യവസായ - വിവരസാങ്കേതികവിദ്യ വകുപ്പ് മന്ത്രി)

**(എ)** അതിർത്തി കടന്നുള്ള ക്രഷർ മെറ്റീരിയലുകളുടെ വരവ് നിലച്ചത് സംസ്ഥാനത്തെ സിമന്റ്, ഹോളോബ്രിക്സ് നിർമ്മാണ മേഖലയുടെ സപ്ലൈ ചെയിനിനെയും ഉൽപ്പാദനക്ഷമതയെയും എത്രത്തോളം ബാധിച്ചിട്ടുണ്ടെന്ന് വിശദമാക്കാമോ;

**മറുപടി:** അതിർത്തി കടന്നുള്ള ക്രഷർ മെറ്റീരിയലുകളുടെ വരവ് നിലച്ചത് മൂലമുണ്ടായ അസംസ്കൃത വസ്തുക്കൾക്കുണ്ടായ കടുത്ത ക്ഷാമം, വിലക്കയറ്റം എന്നിവ സംസ്ഥാനത്തെ ഹോളോബ്രിക്സ് നിർമ്മാണ മേഖലയുടെ സപ്ലൈ ചെയിനിനെ കാര്യമായി ബാധിച്ചിട്ടുണ്ട്. തൊഴിലാളികളുടെ തൊഴിൽ നഷ്ടവും ഉത്പാദന സ്തംഭനവും, കൂടാതെ കരാറുകാർ നേരിടുന്ന പ്രതിസന്ധിയും ഉല്പാദനക്ഷമതയിൽ ഇടിവ് ഉണ്ടാകുന്നതിന് കാരണമാകുന്നുണ്ട്.

**(ബി)** അസംസ്കൃത വസ്തുക്കളുടെ ക്ഷാമംമൂലം തിരുവനന്തപുരം ജില്ലയിൽ മാത്രം 150-ഓളം ചെറുകിട യൂണിറ്റുകൾ അടച്ചുപൂട്ടേണ്ടിവന്ന സാഹചര്യത്തിൽ പ്രസ്തുത മേഖലയുടെ പുനരുജ്ജീവനത്തിനുവേണ്ടി എന്തൊക്കെ നയപരമായ ഇടപെടലുകളാണ് ഉദ്ദേശിക്കുന്നത്;

**മറുപടി:** ലഭ്യമായ കണക്കുകൾ പ്രകാരം, തിരുവനന്തപുരം ജില്ലയിൽ ഹോളോബ്രിക്സ് മേഖലയിൽ പ്രവർത്തിച്ചുകൊണ്ടിരുന്ന 27 യൂണിറ്റുകളാണ് പ്രവർത്തനരഹിതമായിട്ടുള്ളത്. ഖനന മേഖലയിലെ പ്രശ്നങ്ങൾ പരിഹരിച്ച് ആവശ്യമായ അസംസ്കൃത വസ്തുക്കൾ ലഭ്യമാക്കുന്നതിനായി വ്യവസായ വകുപ്പ് വിശദമായ ചർച്ചകൾ നടത്തിയിട്ടുണ്ട്. കൂടാതെ 29/07/2026-ന് മുഖ്യമന്ത്രി തലത്തിലും ചർച്ചകൾ നടത്തിയിരുന്നു. ഇതിന്റെ അടിസ്ഥാനത്തിൽ ആവശ്യമായ നടപടികൾ സ്വീകരിക്കുവാൻ മൈനിംഗ് & ജിയോളജി വകുപ്പ് ഡയറക്ടർക്ക് നിർദ്ദേശം നല്കിയിട്ടുണ്ട്.

**(സി)** വ്യവസായങ്ങൾ അടച്ചുപൂട്ടിയതുവഴി തൊഴിൽരഹിതരായ ആയിരക്കണക്കിന് തൊഴിലാളികൾക്കും ബാങ്ക് വായ്പാ ബാധ്യതകൾ നേരിടുന്ന സംരംഭകർക്കും ആശ്വാസം നൽകുന്നതിനായി എന്തെല്ലാം സാമ്പത്തിക പാക്കേജുകളാണ് വിഭാവനം ചെയ്യുന്നത്;

**മറുപടി:** മുൻ ഖണ്ഡിക (ബി) യിലെ ഉത്തരം

**(ഡി)** തമിഴ്നാട് സർക്കാരിന്റെ പുതിയ മാനദണ്ഡങ്ങൾ മൂലം ഉണ്ടായിട്ടുള്ള ചരക്കുനീക്കങ്ങളിലെ ഈ തടസ്സങ്ങൾ ഒഴിവാക്കുന്നതിനായി അന്തർസംസ്ഥാന തലത്തിൽ ഏകോപനം മെച്ചപ്പെടുത്താൻ എന്തെല്ലാം നയതന്ത്ര നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ?

**മറുപടി:** തമിഴ്നാട് സർക്കാർ 2026 ജൂലായ് 9 ന് പുറത്തിറക്കിയ വിജ്ഞാപനം പ്രകാരം കരിങ്കല്ല്, എംസാന്റ് ഉൾപ്പെടെയുള്ള നിർമ്മാണ സാമഗ്രികൾക്ക് ഏർപ്പെടുത്തിയ താൽക്കാലിക നിരോധനം പിൻവലിക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് കേരളാ മുഖ്യമന്ത്രി തമിഴ്നാട് മുഖ്യമന്ത്രിക്ക് 28.07.2026 ന് കത്ത് നൽകിയിട്ടുണ്ട്. കൂടാതെ 20.08.2026 ന് മഹാബലിപുരത്ത് വച്ച് നടന്ന സൗത്ത് സോൺ കൗൺസിൽ യോഗത്തിൽ പങ്കെടുക്കവേ മുഖ്യമന്ത്രിയും വ്യവസായ-ഐടി വകുപ്പുമന്ത്രിയും തമിഴ്നാട് മുഖ്യമന്ത്രിയുമായി കൂടിക്കാഴ്ച നടത്തി ഈ നിരോധനം പിൻവലിക്കണമെന്ന് വീണ്ടും ആവശ്യപ്പെട്ടിട്ടുണ്ട്.

**സെക്ഷൻ ഓഫീസർ**